# മുഖവുര

പുതിയ നിയമത്തിലെ ഇരുപത്തേഴ് പുസ്തകങ്ങളിൽ പതിമൂന്നെണ്ണം പൗലൊസിന്റെ പേരിൽ എഴുതപ്പെട്ടവയാണ്. നാലെണ്ണം വ്യക്തികളെ (1 തിമൊഥെയൊസ്, 2 തിമൊഥെയോസ്, തിത്തോസ്, ഫിലെമോൻ) സംബോധന ചെയ്ത് എഴുതിയിരിക്കുന്നു. ഒമ്പതെണ്ണത്തിൽ മിക്കവയും താൻ തുടങ്ങിയ വയായിരുന്നതിനാൽ തന്റെ മിഷ്ണറി യാത്രക്കിടയിൽ എഴുതിയവയായിരുന്നു. യൗവ്വനപ്രായത്തിലായിരുന്ന സഭകൾക്ക് അവരുടെ പരിവർത്തനത്തിന് മുമ്പ് ലഭിച്ചതിലധികം നിർദ്ദേശങ്ങൾ അവർക്ക് അനിവാര്യമായിരുന്നു. ഈ ഇടവകകളിലുള്ളവർ ക്രിസ്ത്യാനികളായി തീർന്നവരായിരുന്നു എങ്കിലും അവർ അന്യദേവന്മാരെ വിട്ടുകളഞ്ഞു വന്നവരായിരുന്നു. അങ്ങനെയാണ് പൗലൊസ് യുവപ്രായത്തിലെത്തിയ ഇടവകകൾക്ക് ആഴമേറിയ നിർദ്ദേശങ്ങൾ ദൈവശ്വാസിയമായി (1 കൊരിന്ത്യർ 14:37) നൽകിയത്. പൗലൊസ് തുടങ്ങിയ മറ്റു ശരാശരി സഭകളേക്കാൾ ഈ സഭകൾക്ക് കൂടുതൽ നിർദ്ദേശങ്ങൾ ആവശ്യമായി വന്നിരിക്കാം. വളർന്നു വന്ന ക്രിസ്തീയ പ്രസ്ഥാനത്തിനെതിരായി യെഹൂദന്മാർക്കിടയിൽനിന്നു പൊട്ടിപ്പുറപ്പെട്ട ഉപദ്രവം നിമിത്തം പൗലൊസ് വിചാരിച്ചതിനേക്കാൾ നേരത്തെ തന്നെ പട്ടണം വിട്ടുപോകുവാൻ നിർബ്ബന്ധിതനായി (പ്രവൃ. 17:1–10). തെസ്സലൊനിക്യർക്ക് അവൻ എഴുതിയ രണ്ടു ലേഖനങ്ങൾ തെസ്സലൊനിക്യർക്ക് എഴുതിയത് അവർക്ക് ക്രിസ്തീയ പക്വതക്ക് ആവശ്യമായ ആഴമേറിയ ഉപദേശങ്ങൾ നൽകുന്നതിനായിരുന്നു.

## ഗ്രന്ഥകർത്താവ്

### ആന്തരിക തെളിവ്

1 തെസ്സലൊനിക്യർ എഴുതിയത് പൗലൊസ് തന്നെ എന്ന് പുസ്തക വേദഭാഗം സ്ഥിരീകരിക്കുന്നു (1:1; 2:18). മറ്റു ഭാഗങ്ങളിൽ പൗലൊസ് ഉപയോഗിച്ച ഭാഷാശൈലി താരതമ്യം ചെയ്താൽ സാമ്യം കാണാം (ഉദാഹരണത്തിന് നോക്കുക, 1:2 റോമ. 1:8 ഉം 4:1 ഉം എഫെ. 6:10 ഉം ഫിലി. 4:8 ഉം താരതമ്യം ചെയ്യുക.)

നമുക്ക് ലഭ്യമായ മറ്റു ഉറവിടങ്ങളുമായി യോജിക്കുന്നതാണ് ശിലാസ് എന്ന പേര് (പ്രവൃ. 17:4). തെസ്സലൊനിക്യയിൽ സഭ ആരംഭിക്കുവാൻ അവൻ പൗലൊസിനെ സഹായിച്ചിരുന്നു. പ്രവൃത്തികളുടെ പുസ്തകത്തിലും പുതിയനിയമത്തിലെ മറ്റു വേദഭാഗങ്ങളിലും തിമൊഥെയൊസിനെ കുറിച്ച് പറഞ്ഞിരിക്കുന്നത് ഇവിടെ പറയുന്നതുമായി യോജിക്കുന്നു. (1:1 ന്റെ വിവരണം നോക്കുക.)

### ബാഹ്യമായ തെളിവ്

ഈ പുസ്തകത്തിന്റെ രചയിതാവ് പൗലൊസ് ആണെന്ന് ദൈവശ്വാസിയമല്ലാത്ത ഉറവിടങ്ങൾ പറയുന്നു.

ഉദാഹരണത്തിന് ക്ലെമന്റ് ഓഫ് റോം എ.ഡി. 95 ൽ എഴുതി, “നാം എല്ലാറ്റിനും അവനോട് നന്ദി പറയേണ്ടിയിരി ക്കുന്നു.”[1] ഇത് 1 തെസ്സലൊനിക്യർ 5:18 പോലെയാണ്. ആന്റിയോക്കിലെ ഇഗ്നേഷിയസ് എ.ഡി. 110 ൽ എഴുതി, “ഇടവി

ടാതെ പ്രാർത്ഥിപ്പിൻ" എന്ന അവന്റെ പ്രയോഗം 1 തെസ്സലൊനിക്യർ 5:17 ൽ നിന്നുള്ള മുന്നറിയിപ്പാണ്.[2] ഏകദേശം ഏ.ഡി. 140 ൽ മാർഷ്യന്റെ കാനോനിൽ വിവരിച്ച ശ്വാസിയ പുസ്തകങ്ങളിലും 1 തെസ്സലൊനിക്യ ലേഖന കർത്താവ് പൗലൊസ് ആണെന്ന് സമർത്ഥിക്കുന്നു. ഉദ്ദേശം ഏ.ഡി. 170 ൽ എഴുതിയ മുററ്റേറിയൻ ഫ്രാഗ്മെന്റിലെ റോമൻ കാനോനിലും 1 തെസ്സലൊനിക്യ ലേഖനത്തെ പരാമർശിക്കുന്നു. തന്റെ *എഗൈൻസ്റ്റ് ഹെരെസിസ്* എന്ന പുസ്കത്തിൽ ഏ.ഡി. 180 ൽ ഈ ലേഖനത്തിൽ നിന്നും ഉദ്ധരിച്ചിരുന്നു.[3]

ഏ.ഡി. 200 മുതൽ പലരും പൗലൊസിന്റെ ലേഖനമായി 1 തെസ്സലൊനിക്യ ലേഖനത്തിൽ നിന്ന് ഉദ്ധരിച്ചിരുന്നു. ആ ലേഖനം പൗലൊസിന്റേതാണെന്നും ദൈവശ്വാസിയമാണെന്നുമുള്ള കാര്യം വളരെ ചുരുക്കം ചിലർ മാത്രമെ നിഷേധിച്ചിട്ടുള്ളു.

## ഗ്രന്ഥ കർത്താവിന്റെ പശ്ചാത്തലം

### അവന്റെ ജനനം

അസംഖ്യം യെഹൂദന്മാർ വസിച്ചിരുന്ന ഒരു വ്യാവസായിക നഗരമായിരുന്നു കിലിക്യയിലെ തർസൊസ് (പ്രവൃ. 21:39; 11:25). ആ പട്ടണത്തിലുണ്ടായിരുന്ന ഒരു വായനശാല പലപ്പോഴും ഈജിപ്തിലെ അലെക്സാട്രിയയിലെ ഗ്രന്ഥശാലയുമായി മൽസരിച്ചിരുന്നു. ഒക്ടോവിയൻ അഗസ്റ്റസ് ചക്രവർത്തിയുടെ സ്നേഹിതനായിരുന്ന അത്തെനോഡോസിയസ് ആ പട്ടണത്തിലെ ഒരു പ്രസിദ്ധ പൗരന്മാരിൽ ഒരാളായിരുന്നു.

പൗലൊസിന്റെ ജനന തീയതി ഏകദേശം ഏ.ഡി. 1–10 ഇടക്ക് ആയിരുന്നു. സ്തെഫാനൊസിനെ കല്ലെറിഞ്ഞു കൊന്നപ്പോൾ ശൗൽ "യൗവ്വനക്കാരൻ" ആയിരുന്നു എന്ന് ഏകദേശം ഏ.ഡി. 34–35 ൽ ലൂക്കൊസ് വിവരിക്കുന്നു (പ്രവൃ. 7:58). ഫിലെമോന്റെ ലേഖനം എഴുതിയപ്പോൾ അവൻ ഏ.ഡി. 62–63 വയസൻ എന്നാണ് തന്നെ കുറിച്ച് പറഞ്ഞിരിക്കുന്നത് (ഫിലെ. 9).

### അവന്റെ കുടുംബം

അവന്റെ കുടുംബത്തെ സംബന്ധിച്ച് അവൻ ബെന്യാമിൻ ഗോത്രത്തിലെ യെഹൂദൻ ആയിരുന്നു (ഫിലി. 3:5–8). ംബ്രായ ഭാഷയിൽ അവനെ ശൗൽ എന്നാണ് വിളിച്ചിരുന്നത്; ഗ്രീക്കിൽ അവനെ പൗലൊസ് എന്നു വിളിച്ചിരുന്നു (പ്രവൃ. 13:9). അവന്റെ അപ്പൻ ഒരു റോമാ പൗരനായിരുന്നു (പ്രവൃ. 22:25–29). അവന്റെ വീട്ടുകാർ സാമാന്യം സമ്പത്തുള്ളവർ ആയിരുന്നേക്കാം; അല്ലെങ്കിൽ അവനെ യെരുശലേമിൽ വിട്ട് പഠിപ്പിക്കുവാൻ കഴിയുമായിരുന്നില്ല (പ്രവൃ. 22:3).

### അവന്റെ വിദ്യാഭ്യാസം

ഒരു സാധാരണ യെഹൂദ കുടുംബത്തിലെ ആൺകുട്ടികൾ അഞ്ചുവയസാകുമ്പോൾ തന്നെ പഴയ നിയമം വായിച്ചു തുടങ്ങും. പൗലൊസ് ഒരുപക്ഷെ തർസൊസിലെ ഗ്രീക്ക് വിദ്യാലയത്തിൽ ചേർന്ന് പഠിച്ചിരിക്കാം. ഗ്രീക്ക് എഴുത്തുകാരുമായി അവന് പരിചയമുണ്ടായിരുന്നതായി പുതിയനിയമ വേദഭാഗം സൂചിപ്പിക്കുന്നു. ബി.സി. 650 ൽ മരിച്ച ക്രേത്യൻ പ്രവാചകനായിരുന്ന എപ്പിമെനിഡെസിനെ കുറിച്ച് അവൻ പ്രവൃത്തികൾ

17:28 ൽ, പരാമർശിച്ചിരിക്കുന്നു. ഏകദേശം ബി.സി. 300 ൽ മരിച്ച നാടക നടൻ മെനാന്ററിന്റെ പ്രവൃത്തികളെ കുറിച്ച് പൗലൊസ് 1 കൊരിന്ത്യർ 15:33 ൽ വിവക്ഷിച്ചിരിക്കുന്നു.

കൗമാരപ്രായമെത്തിയപ്പോൾ അവനെ റബ്ബിയായിരുന്ന ഗമാലിയേലിന്റെ കീഴിൽ വേദം അഭ്യസിക്കുന്നതിനായി അയച്ചു (പ്രവൃ. 22:3; 5:34).[4] അവൻ തന്റെ പഠനത്തിൽ കേമനായി യെഹൂദ പാരമ്പര്യത്തിൽ നല്ല എരിവുള്ളവനാകുകയും ചെയ്തിരുന്നു (ഗലാ. 1:11-14). പാലസ്തീനിൽ അവൻ ഒരുപക്ഷെ അരാമ്യ ഭാഷയായിരിക്കാം സംസാരിച്ചിരുന്നത്; അതിനർത്ഥം പൗലൊസിന് എബ്രായ, യവന, അരാമ്യ എന്നീ ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിഞ്ഞിരുന്നു എന്നാണ്.

പൗലൊസിന്റെ കാലത്ത് വിദ്യാഭ്യാസം നൽകുന്നതിനു പുറമെ, ആൺകുട്ടികളെ ഒരു ''തൊഴിൽ'' പഠിപ്പിക്കുന്നത് പതിവായിരുന്നു.[5] സുവിശേഷരംഗത്ത് പ്രവർത്തിച്ചപ്പോൾ സ്വയം പര്യാപ്തതക്കായി തന്നെ പഠിപ്പിച്ച കൂടാരപ്പണി അവൻ ചെയ്തിരുന്നു (പ്രവൃ. 18:1-5).

**അവന്റെ ഉപദ്രവങ്ങൾ**

പൗലൊസ് യെഹൂദ മതത്തിൽ തീവ്ര ഭക്തനായിരുന്നതിനാൽ അവൻ സഭയെ നിഷ്ഠൂരമായി ഉപദ്രവിക്കുവാൻ തുടങ്ങി. ക്രിസ്തുവിനെ അവൻ കണ്ടത് ഒരു കപടവേഷധാരിയായിട്ടായിരുന്നു. ഒരു ശരാശരി യെഹൂദന്റെ കാഴ്ച്ചപ്പാടിൽ വരുവാനുള്ള മശിഹ ഒരു "സൈന്യാധിപൻ" ആയിരിക്കും എന്നായിരുന്നു. അവർ ആഗ്രഹിച്ചിരുന്നതുപോലെയുള്ള ഒരു നായകൻ ആകുവാൻ യേശു തയ്യാറായിരുന്നുവെങ്കിൽ അവർ അവനെ അംഗീകരിക്കുമായിരുന്നു (യോഹ. 6:15 നോക്കുക). മശിഹ എന്ന തങ്ങളുടെ മുൻവിധിയനുസരിച്ച് യാതൊരു യോജിപ്പും ക്രിസ്തുവിന് ഇല്ലാത്തതിനാൽ, അവനെ അനുഗമിക്കുന്നവരെല്ലാം യെഹൂദ മതത്തിൽനിന്നു തെറ്റിപ്പോയിരിക്കുന്നു എന്നാണ് അവർ കണ്ടിരുന്നത്. വരുവാനുള്ള മശിഹയെ കുറിച്ചുള്ള അവരുടെ തലതിരിഞ്ഞ കാഴ്ച്ചപ്പാടു യേശുവിനെ തിരസ്ക്കരിക്കുവാനും സഭയെ ഉപദ്രവിക്കുവാനും പശ്ചാത്തലം ഒരുക്കി. ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിൽ അങ്ങനെ പൗലൊസ് നായകനായി തീരുന്നു.

**അവന്റെ പരിവർത്തനം**

പുതിയനിയമ സംഭവങ്ങളിലെ ശ്രദ്ധേയമായ ഒന്നാണ് പൗലൊസിന്റെ പരിവർത്തനം. ആ വിവരണം പ്രവൃത്തികളുടെ പുസ്തകത്തിൽ വിവിധ ഭാഗങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു (9:1-19; 22:3-16; 26:9-18). അവൻ പൂർവ്വ "പിതാക്കന്മാരുടെ" പാരമ്പര്യത്തെ ആശ്ലേഷിച്ച്, പഠിപ്പിച്ച് അതിനെ പ്രതിരോധിച്ചിരുന്നു (ഗലാ. 1:11-14). ക്രിസ്ത്യാനികൾ ദൈവനാമത്തിന് ഭീഷണി ആണെന്ന് അവൻ ആത്മാർത്ഥമായി വിശ്വസിച്ചിരുന്നു (പ്രവൃ. 23:1). അതുകൊണ്ട് അവരുടെ പ്രവർത്തനങ്ങളെ ഏതു വിധേനയും തടയുവാൻ ശ്രമിച്ചു. വാസ്തവത്തിൽ, കൂടുതൽ ക്രിസ്ത്യാനികളെ ഉപദ്രവിക്കുവാനായി അവൻ തർസൊസിലേക്കുള്ള മാർഗമദ്ധ്യേ, നട്ടുച്ചക്ക് ഒരു "പ്രകാശം അവനു ചുറ്റും മിന്നി" അന്ധനായി തീർന്നു (പ്രവൃ. 9:1-9). അവന്റെ പ്രവർത്തികൾ ദൈവത്തിനു പ്രസാദകരമല്ല എന്ന് യേശു അവന് പ്രത്യക്ഷനായി

ബോധ്യപ്പെടുത്തി. ദമസ്ക്കൊസിലേക്ക് പോകുവാനും അവിടെ ചെല്ലുമ്പോൾ അവൻ എന്തു ചെയ്യണമെന്ന് അവനോട് പറയുമെന്നും യേശു പൗലൊസിനേ ാട് പറഞ്ഞു (പ്രവൃ. 22:10).

ഇതിനിടയിൽദൈവം സ്നാനം ഏൽക്കേണ്ട ആവശ്യകതയടക്കമുള്ള തന്റെ സന്ദേശം അറിയിക്കുവാൻ അനന്യാസിനെ പൗലൊസിന്റെ അടുക്കലേക്ക് അയച്ചു പ്രവൃത്തികൾ (പ്രവൃ. 22:16). സ്നാനശേഷം ജാതികേ ളാട് സുവിശേഷം പ്രസംഗിക്കുവാൻ ദൈവം അവനെ യെരുശലേമിലേക്ക് അയച്ചു (പ്രവൃ. 22:17-21). അങ്ങനെ ക്രിസ്ത്യാനിത്വത്തെ ഉപദ്രവിച്ചവൻ ഇപ്പോൾ ക്രിസ്ത്യാനിത്വത്തിന്റെ മുഖ്യ വക്താവായി മാറി. തന്റെ പരിവർത്തന ത്തെ കുറിച്ച് പൗലൊസ് പറഞ്ഞത് ക്രിസ്തുവിനാൽ “പിടിക്കപ്പെട്ടിരിക്കുന്നു” എന്നാണ് (ഫിലി. 3:12). തന്റെ പരിവർത്തനത്തെ മറ്റൊരു സന്ദർഭത്തിൽ വിശേഷിപ്പിച്ചത് “അകാലപ്രജ” ആയിട്ടാണ് (1 കൊ. 15:8).

### അപ്പൊസ്തലൻ എന്ന നിലയിൽ അവന്റെ ജീവിതം

തന്റെ പരിവർത്തനത്തിന് ശേഷം ''ഏറിയ നാൾ'' അപ്പൊസ്തലന ായി ദമസ്ക്കൊസിൽ പ്രസംഗിച്ചുകൊണ്ട് പൗലൊസ് തന്റെ ആത്മിയ ജീവിതം ആരംഭിച്ചു (പ്രവൃ. 9:23). പിന്നെ അവൻ ആ ടൗണിൽനിന്ന് ഓടി (പ്രവൃ. 9:25) അറേബ്യയിലേക്ക് പോകയും അവിടെ വെച്ച് ക്രിസ്തു സുവിശേഷത്തെ കുറിച്ച് കൂടുതൽ വെളിപ്പെടുത്തൽ നൽകുകയും ചെയ്തു (ഗലാ. 1:11-17). മൂന്നു വർഷത്തിനു ശേഷം അവൻ യെരൂശലേമിൽ പോയി പത്രൊസിനേയും യാക്കാബിനേയും കണ്ടു (ഗലാ. 1:18, 19). യെരുശലേമിൽന ിന്ന് അവൻ തർസൊസിലേക്ക് പോയി (പ്രവൃ. 11:25). അവിടെ ഒരു സഭ ആരംഭിച്ചിരിക്കുവാനും സാധ്യതയുണ്ട് (പ്രവൃ. 15:23). പിന്നെ അതിശയക രമായി അന്ത്യോക്യയിലെ സഭ വളരുകയും ബർന്നബാസ് പൗലൊസിന്റെ അടുക്കൽ ചെന്നു അന്ത്യോക്യയിൽ വന്ന് സുവിശേഷപ്രവർത്തനത്തിലും ആത്മികമായി പ്രബോധിപ്പിക്കുന്നതിലും സഹായം അഭ്യർത്ഥിക്കുകയും ചെയ്തു (പ്രവൃ. 11:25). അന്ത്യോക്യയിലെ പ്രവർത്തനശേഷം, അവൻ അന്ത്യോക്യയിൽനിന്ന് മൂന്നു സുവിശേഷ യാത്രക്കായി അയക്കപ്പെട്ടു (പ്രവൃ. 13:1-21:17). അവനെ വിളിച്ച കാരണം നിമിത്തവും അവന്റെ പ്രവർത്തന സ്വഭാവം നിമിത്തവും അവനെ “ജാതികളുടെ അപ്പൊസ്തലൻ” എന്നാണ് അറിയപ്പെട്ടിരുന്നത് (റോമ. 11:13; പ്രവൃ. 9:15; ഗലാ. 2:6-9 നോക്കുക).

### പൗലൊസും തെസ്സലൊനിക്കയും

പൗലൊസ് ഏകദേശം ഏ.ഡി. 50-51 ൽ തന്റെ രണ്ടാമത്തെ മിഷ്ണറി യാത്രയിലായിരുന്നു തെസ്സലൊനിക്യയിലെത്തിയത്. ഗ്രീസിന്റെ മുകൾഭാഗത്തായിട്ടായിരുന്നു തെസ്സലൊനിക്യ സ്ഥിതി ചെയ്തിരുന്നത്. അവന്റെ സന്ദർശനവും പ്രസംഗ ഫലവും പ്രവൃത്തികൾ 17:1-9 ൽ രേഖപ്പെടുത്തിയിരിക്കുന്നു. ആ പട്ടണത്തിലെ പള്ളിയിൽ അവൻ “മുന്നു ശബ്ബത്തുനാൾ” പ്രസംഗിച്ചു എന്നത് ശ്രദ്ധിക്കുക (പ്രവൃ. 17:2).

പൗലൊസിന്റെ മൂന്നാമത്തെ യാത്രയിൽ, എഫെസൊസിലെ കലക്കത്തിന് ശേഷം, അവൻ മക്കെദോന്യയിലേക്ക് മടങ്ങി പോയി (പ്രവൃ. 20:1, 2). ആ വേദഭാഗത്ത് തെസ്സലൊനിക്യ പേരെടുത്തു പറഞ്ഞിട്ടില്ലെങ്കിലും, അവൻ

ആ പ്രദേശങ്ങളിലെല്ലാം ജില്ലകൾ തോറും സഞ്ചരിച്ച് സഹോദരന്മാരെ ഉറപ്പിച്ചുവന്നു. അവന്റെ യാത്രയിൽ പൗലൊസ് തെസ്സലൊനിക്യയിലും പേ ായി സഹോദരന്മാരെ പ്രോൽസാഹിപ്പിച്ചിരുന്നു എന്നു പറയുന്നതാകും ശരി.

## തെസ്സലൊനിക്യ:അന്നും ഇന്നും

മക്കെദോന്യ രാജാവായിരുന്ന കസാണ്ടർ ആയിരുന്നു ആ പട്ടണം ബി.സി. 315 ൽ കണ്ടുപിടിച്ചത്, അദ്ദേഹത്തിന്റെ ഭാര്യ "തെസ്സലൊനിക്യയുടെ"[6] പേരാണ് ആ പട്ടണത്തിന് നൽകിയത്. പട്ടണം പ്രസിദ്ധമായ എഗ്നേഷ്യൻ റോഡിൽ സ്ഥിതി ചെയ്തിരുന്നതിനാലും നല്ല ഒരു തുറമുഖം അവിടെ ഉണ്ടായിരുന്നതിനാലും ധാരാളം സന്ദർശകരെയും വ്യാവസായികളേയും അവിടേക്ക് ആകർഷിക്കുകയും പട്ടണം വളരുകയും ചെയ്തിരുന്നു.

ബി.സി. 168 ൽ തെസ്സലൊനിക്യയെ റോമാക്കാർ കീഴടക്കി. അവർ മക്കെദോന്യയെ നാല് ജില്ലകളായി വിഭജിച്ച് തെസ്സലൊനിക്യയെ അതിൽ രണ്ട ാമത്തെ ജില്ലയുടെ തലസ്ഥാനമാക്കി. ക്രമേണ തെസ്സലൊനിക്യ മക്കെദോന്യ രാജ്യങ്ങളുടെ പ്രധാന കേന്ദ്രമായി തീർന്നു.

പൗലൊസ് തെസ്സലൊനിക്യയിലെത്തിയപ്പോൾ അത് ഏഴ് *നഗരാധിപന്മാരാൽ* ഭരിച്ചിരുന്ന ഒരു സ്വതന്ത്ര പട്ടണമായി മാറിയിരുന്നു (അത് പട്ടണ ഉദ്യോഗസ്ഥർക്ക് നൽകിയ പേരാണ്; പ്രവൃ. 17:6). ആ ഉദ്യോഗസ്ഥന്മാർ റോമൻ നാടുവാഴികൾക്ക് കണക്കു ബോധിപ്പിക്കേണ്ടവരായിരുന്നു.

പൗലൊസ് ആ പട്ടണത്തിലായിരുന്നപ്പോൾ ഉപജീവനത്തിന് കൂടാര-പ്പണി ചെയ്തിരുന്നു (1 തെസ്സ. 2:9). ആ കാലത്ത് ആട്ടിൻ-തോൽ കൊണ്ട് നിർമ്മിച്ച വസ്ത്ര വ്യാപാരമയിരുന്നു "പ്രാദേശിക സമ്പാദ്യമാർഗം"[7] എന്നത് ഇതുമായി യോജിക്കുന്നു.

പട്ടണ ജനസംഖ്യയിൽ യെഹൂദന്മാരും ഉൾപ്പെട്ടിരുന്നു (പ്രവൃ. 17:1), പക്ഷെ മുഖ്യമായും ജാതികളായിരുന്നു ഉണ്ടായിരുന്നത് (പ്രവൃ. 17:4; 1 തെസ്സ. 1:9; 2:14 നോക്കുക). പൗലൊസ് തെസ്സലൊനിക്യ വിട്ടുപോയപ്പോൾ യെഹൂദന്മാർ അവനെ ഉപദ്രവിക്കുവാനായി ബെരോവ വരെ പിന്തുടർന്നിരുന്നു (പ്രവൃ. 17:13, 14). തെസ്സലൊനിക്യയിലുണ്ടായിരുന്ന ജാതികളിലധികവും യവനഭാഷക്കാരും ഏതാനും റോമാക്കാരുമായിരുന്നു.

ആധുനിക പട്ടണം ഒരു മനോഹര തുറമുഖമാണ്, ജനസംഖ്യ ഏകദേശം (2001 ലെ കണക്ക് അനുസരിച്ച്) 809,457 ആണ്, അതിനെ ശലോനികാ അല്ലെങ്കിൽ തെസ്സലൊനിക്യ എന്നു വിളിക്കുന്നു. ഗ്രീസിലെ രണ്ടാമത്തെ വലിയ പട്ടണമാണ്. ഇന്നും അവിടെ, തുണിമില്ലുകൾ, സോപ്പ് കമ്പനികൾ, പുകയില ഉൽപന്ന കമ്പനികൾ എന്നിവ കാണാം. ഇപ്പോഴത്തെ ജനസംഖ്യയ ിൽ 50,000 ത്തോളം വരുന്ന യെഹൂദന്മാരും ഉൾപ്പെടുന്നു, അവരുടെ പൂർവ്വപ ിതാക്കന്മാർ പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗലിൽനിന്നും സ്പെയിനിൽന ിന്നും വന്നവരായിരുന്നു.

## സന്ദർഭം, തീയതി, എഴുതിയ സ്ഥലം

തന്റെ രണ്ടാമത്തെ മിഷ്ണറി യാത്രയിൽ തെസ്സലൊനിക്യയിൽ സഭ ആരംഭിച്ചതിനെ തുടർന്ന് യെഹൂദന്മാരുടെ ഉപദ്രവം നേരിട്ടതിനാൽ

വിചാരിച്ചതിനേക്കാൾ നേരത്തെ പൗലൊസിന് തെസ്സലൊനിക്യ വിട്ടുപേ ാകേണ്ടി വന്നു (പ്രവൃ. 17:1-10). മൂന്നോ നാലോ മാസം മാത്രമായിരുന്നു അവൻ അവിടെ താമസിച്ചത്.

അവൻ തിരിച്ച് അവിടെ ചെന്ന് അവരെ പക്വതയിലെത്തിക്കുവാൻ ആഗ്രഹിച്ചുവെങ്കിലും അതിനു തടസം നേരിട്ടു (2:17, 18). അവൻ അവിടെ തിരിച്ചു ചെന്നു പ്രസംഗിക്കുവാൻ ചെല്ലുമെന്നറിഞ്ഞ് അവനെ വ്യക്തിപ രമായി ആക്രമിച്ച് അപായപ്പെടുത്തുവാൻ ശ്രമിച്ചതായിരുന്നു തടസം. ഇതു ചൂണ്ടി കാണിച്ച് അവൻ അവരെ സ്നേഹിച്ചില്ല എന്നു ആരോപിക്കുവാൻ ശ്രമിച്ചിരുന്നു. എന്നാൽ അവൻ അഥേനയിൽനിന്ന് അവരെ സന്ദർശിച്ച് പ്രേ ാൽസാഹിപ്പിക്കുന്നതിനായി തിമൊഥെയൊസിനെ അയച്ചിരന്നു (3:1-7).

കുറെ നാൾ തിമൊഥെയൊസ് തെസ്സലൊനിക്യയിൽ താമസിച്ച ശേഷം അവൻ കൊരിന്തിൽ വെച്ച് പൗലൊസിനോട് ചേർന്നു. അവൻ അവരെ കുറിച്ച് കൊണ്ടു വന്ന വാർത്ത അടിസ്ഥാനപരമായി നല്ലതായിരുന്നു (1 തെസ്സ. 3:6, 7). എങ്ങനെയായാലും, കർത്താവിന്റെ രണ്ടാം വരവ് സംബന്ധിച്ച് അവർക്ക് ചില ആശയക്കുഴപ്പമുള്ളതായി പൗലൊസിന് അറിവ് ലഭിച്ചതിനാൽ, പൗലൊസ് കൊരിന്തിൽ നിന്ന് 1 തെസ്സലൊനിക്യാ ലേഖനം അവർക്ക് എഴുതി അയച്ചു. തിമൊഥെയൊ സ് കൊരിന്തിൽ പൗലൊസിനോട് ചേർന്നയുടനെയാണ് ഈ ലേഖനം എഴുതിയത് എന്ന് കരുതപ്പെടുന്നു.

അവിടെ സഭ ആരംഭിച്ചത് ഏ.ഡി. 50-51 ലാണെങ്കിൽ, ഇത് എഴുതിയത് ഏ.ഡി. 51 ൽ ആയിരിക്കണം. 1909 ൽ ഡെൽഫിയിൽനിന്നു കണ്ടെടുത്ത മേലെഴുത്ത് പൗലൊസ് കൊരിന്തിൽ താമസിച്ചിരുന്നതും ഗല്ലിയോ ഏ.ഡി. 52 ൽ എത്തിയതും ഉറപ്പിക്കുന്നു (പ്രവൃ. 18:12). ആ തെളിവ് അനുസരിച്ച്, 1 തെസ്സലൊനിക്യർ ഏ.ഡി. 51 ൽ എഴുതിയതായി നമുക്ക് ഉറപ്പിക്കാം, അതാ യത്, പൗലൊസ് ആദ്യം തെസ്സലൊനിക്യ സന്ദർശിച്ച് ആറുമാസത്തിന് ശേഷം (2:17 മായി താരതമ്യം ചെയ്യുക). പുതിയനിയമത്തിൽ ആദ്യം എഴുതപ്പെട്ട ലേഖനങ്ങളിൽ ഒന്നാണ് ഇത്. വാസ്തവത്തിൽ, ക്രിസ്തു മരിച്ച് ഇരുപതു വർഷത്തിനുള്ളിൽ ആ ലേഖനം എഴുതപ്പെട്ടു.

## ഉദ്ദേശങ്ങളും വിഷയങ്ങളും

അവർക്ക് നേരിട്ട ഉപദ്രവത്തിൽ തെസ്സലൊനിക്യരെ ആശ്വസിപ്പിക്കുവാനും (2:4-3:5), എതിർപ്പ് അതിജീവിച്ച് സന്തോഷിക്കുവാനും (3:6-10), അവരുടെ ധാർമ്മിക അവഗണനയെ ശാസിക്കുന്നതിനും എഴുതിയിരിക്കുന്നു (4:1-8). എങ്ങനെയായാലും, ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിച്ച അവരുടെ തെറ്റായ ആശയത്തെ തിരുത്തുക എന്നതായിരിക്കണം പൗലൊ സിൽ ഉണ്ടായിരുന്ന മുഖ്യ ലക്ഷ്യം (4:13-5:11). വാസ്തവത്തിൽ, 1 ഉം 2 ഉം തെസ്സലൊനിക്യ ലേഖനത്തിലെ നാലിൽ-ഒരു ഭാഗം സംയോജിപ്പിച്ചിരിക്കുന്നത് ഈ വിഷയത്തെ കൈകാര്യം ചെയ്യുന്നതിനാണ്.

ലേഖനത്തിലെ മുഖ്യവിഷയങ്ങളിൽ ഏക സത്യ ദൈവം (1:9) നിലന ിൽക്കുന്നത് മൂന്ന് വ്യക്തികളായിട്ടാണ് (1:5, 6; 4:8; 5:19), ക്രിസ്തുവിന്റെ ദൈ ദവികത്വം (3:11, 12), ക്രൂശിന്റെ അനന്തരഫലമായുള്ള രക്ഷയും (4:14; 5:9, 10), ദൈവശ്വാസിയതയും തിരുവെഴുത്തിന്റെ അധികാരവും (2:13), വിശ്വാസികൾ ക്രിസ്തുവിനോടു ചേരുന്നതും (1:1; 5:5), വ്യക്തിപരമായ നിർമ്മലതയുമായി

ബന്ധമുള്ള വിശുദ്ധീകരണവുമാണ് (4:3-8), ഭൗതികമായി ഉൽസാഹത്തോടെ നിലനിൽക്കേണതും (4:11, 12; 5:12-15).

## ബാഹ്യരൂപരേഖ[8]

I. നന്ദിയും പ്രതിരോധവും (അ. 1-3)
   A. വന്ദനം (1:1)
   B. തെസ്സലൊനിക്യർക്കുള്ള നന്ദി (1:2-4)
   C. തെസ്സലൊനിക്യരെ തിരഞ്ഞെടുത്ത് ഉറപ്പിക്കൽ (1:5-7)
   D. തെസ്സലൊനിക്യരുടെ മാതൃകാ സ്വാധീനം (1:8-10)
   E. തെസ്സലൊനിക്യയിലെ പൗലൊസിന്റെ ശുശ്രൂഷയെ പ്രതിരോധിക്കൽ (2:1-12)
      1. അവന്റെ ശുശ്രൂഷയുടെ വിജയം (2:1-8)
      2. അവന്റെ ശുശ്രൂഷയുടെ ആത്മാർത്ഥത (2:9-12)
   F. പൗലൊസിന്റെ ശുശ്രൂഷയോടും സന്ദേശത്തോടുമുള്ള തെസ്സലൊനിക്യരുടെ പ്രതികരണം (2:13-16)
   G. പൗലൊസിന് അവരോടുള്ള ദീർഘമേറിയ താൽപര്യം (2:17-20)
   H. തെസ്സലൊനിക്യയിലേക്കുള്ള തിമൊഥെയൊസിന്റെ മിഷൻ (3:1-5)
   I. തിമൊഥെയൊസ് കൊണ്ടുവന്ന വാർത്തയിലുള്ള സന്തോഷം (3:6-10)
   J. പൗലൊസിന്റെ പ്രാർത്ഥനയും ആഗ്രഹവും അവന്റെ സഹപ്രവർത്തകരും (3:11-13)

II. കൂടുതൽ പഠനവും പ്രബോധനവും (അ. 4; 5)
   A. വിശുദ്ധ ജീവിതത്തിനായുള്ള പ്രബോധനം (4:1-8)
   B. സഹോദരപ്രീതിക്കായുള്ള പ്രബോധനം (4:9-12)
   C. ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള പ്രബോധനം (4:13-18)
   D. ക്രിസ്തുവിന്റെ രണ്ടാം വരവ് സമയത്തെ കുറിച്ചുള്ള ഉപദേശം (5:1-11)
   E. പ്രായോഗിക പ്രബോധനം (5:12-22)
   F. ഉപസംഹാര കാര്യങ്ങൾ (5:23-28)

## പ്രായോഗികത

### നായകനെ പിൻപറ്റുക

മറ്റുള്ളവർക്ക് സഹായകരവും ഉപകാരപ്രദവുമായി നമ്മുടെ ജീവിതം എങ്ങനെയാണ് നയിക്കേണ്ടത്? ഈ ചോദ്യത്തിന് ഉത്തരം ലഭിക്കുവാൻ പുതിയനിയമം രണ്ടു കാഴ്ച്ചപ്പാടുകൾ നൽകുന്നു.

ഒന്നാമതായി പുതിയ നിയമം ദൈവത്തെ കുറിച്ചുള്ള ഒരു ചിത്രം നൽകുന്നു. ദൈവം യേശുവിനെ അയച്ച് അവന്റെ ഭൗമിക ജീവിതം നമുക്കായി സുവിശേഷങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്തിരിക്കുന്നു.

വാസ്തവത്തിലുള്ള ദൈവത്തിന്റെ പ്രതിനിധിയാണ് യേശു (എബ്രാ. 1:3). മത്തായി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ പുസ്തകങ്ങളിൽ യേശു ചിന്തിച്ചതും, സംസാരിക്കുന്നതും നാം വായിക്കുമ്പോൾ, ദൈവം എന്തു ചിന്തിക്കുമെന്നും എന്തു സംസാരിക്കുമെന്നും നമുക്ക് മനസിലാക്കുവാൻ കഴിയും.

രണ്ടാമതായി, പുതിയനിയമം ദൈവജനത്തെ കുറിച്ചുള്ള ഒരു ചിത്രം നൽകുന്നു. യേശുവിന്റെ ജീവിതത്തിൽ നിന്ന് ദൈവത്തെ കുറിച്ച് ആളുകളോട് സംസാരിക്കുമ്പോൾ അവർ എങ്ങനെ പ്രതികരിക്കുമെന്ന് അപ്പൊസ്തല പ്രവൃത്തികളുടെ പുസ്തകം കാണിക്കുന്നു. ആളുകൾ എങ്ങനെ ദൈവത്തെ അന്വേഷിക്കണമെന്നാണ് അവൻ ആഗ്രഹിക്കുന്നതെന്നും, അവന്റെ സ്നേഹിതന്മമാരാകുന്നതെങ്ങനെയെന്നും, ദൈവത്തിന്റെ ഉദ്ദേശം അതാണെന്ന് സുവിശേഷപ്രാസംഗികരും വ്യക്തമാക്കി (പ്രവൃ. 17:26, 27 നോക്കുക). മാനസാന്തരത്താലും, അനുസരണത്താലും അത് എങ്ങനെ യാഥാർത്ഥ്യമാകുമെന്നും അവർ പഠിപ്പിച്ചു (പ്രവൃ. 17:30 നോക്കുക). യേശുവിന്റെ ജീവിതവുമായി വ്യത്യസ്ത ജാതികൾ തങ്ങളുടെ ആചാരങ്ങളും, വിശ്വാസങ്ങളും, താരതമ്യം ചെയ്ത് പ്രതികരിച്ചത് എങ്ങനെ എന്ന് പ്രവൃത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. അനേകർ തങ്ങളുടെ ജീവിതം മാറ്റുവാൻ തയ്യാറായില്ലെങ്കിലും, കുറെ പേർ, ദൈവം വാഗ്ദാനം ചെയ്ത സൗഹൃദം സ്വീകരിച്ച് ക്രിസ്ത്യാനികളായി തീർന്നു. ഇന്ന് ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന രക്ഷയോട് എങ്ങനെ പ്രതികരിക്കണമെന്നറിയുവാൻ പ്രവൃത്തികളുടെ പുസ്തകം വായിക്കണം.

പുതിയ ക്രിസ്ത്യാനികൾ, തങ്ങളുടെ സ്വഭാവത്തെ ദൈവത്തിന്റേതുമായി താരതമ്യം ചെയ്യുമ്പോൾ ഉണ്ടാകുന്ന വ്യത്യാസങ്ങൾ പരിഹരിക്കുവാൻ സഹായിക്കുന്നവയാണ് പുതിയനിയമ എഴുത്തുകൾ അഥവാ ലേഖനങ്ങൾ. ആ ലേഖനങ്ങൾ വായിക്കുമ്പോൾ, നമുക്ക് നമ്മുടെ സ്വഭാവവും സഭയിലെ മറ്റുള്ളവരുടെ സ്വഭാവത്തെയും തിരിച്ചറിയുവാൻ കഴിയും. ക്രിസ്ത്യാനികളായ നമ്മിൽ ദൈവം എങ്ങനെ പ്രവർത്തിക്കുന്നു എന്നും, ദൈവ ജനമായ സഭയായി നമ്മുടെ ഓരോരുത്തരുടേയും വ്യക്തിത്വത്തെ ഫലപ്രദമായും ക്രിയാത്മകമായും വളർത്തിയെടുക്കേണ്ടത് എങ്ങനെ എന്നും അവ കാണിക്കുന്നു.

തെസ്സലൊനിക്യ ലേഖനം എഴുതിയിരിക്കുന്നത്, ഗ്രീസിന് വടക്കുള്ള മക്കെദോന്യയിലെ, തെസ്സലൊനിക്യയിലെ യുവ ക്രിസ്ത്യാനികൾക്കാണ് (ഇപ്പോഴത്തെ സലോണിക). പൗലൊസും, ശില്വാനോസും (ശിലാസ്) തിമൊഥെയൊസും ഫിലിപ്പിയയിൽ സുവിശേഷം പ്രസംഗിച്ച ശേഷം, ബെരോവയിലേക്കും, അഥേനയിലേക്കും, കൊരിന്തിലേക്കും പോകുന്നതിന് മുമ്പാണ് തെസ്സലൊനിക്യയിലേക്ക് പോയത്. ദൈവസന്ദേശം നിരസിച്ചവരിൽനിന്ന് അവർക്ക് ഉപദ്രവം നേരിട്ടു എങ്കിലും, അവർ സന്തോഷത്തോടെയാണ് ദൈവസന്ദേശം സ്വീകരിച്ചത് (പ്രവൃ. 17:1–9). സുവിശേഷദൂതന്മാർ പോയ ശേഷം തെസ്സലൊനിക്യർക്ക് എഴുതപ്പെട്ട രണ്ടു ലേഖനങ്ങളിൽ ഒന്നാണ് ഒന്ന് തെസ്സലൊനിക്യ ലേഖനം. ആ യുവ ക്രിസ്ത്യാനികൾക്ക് അന്യോന്യവും ദൈവവുമായുമുള്ള ബന്ധം, വിശ്വസ്തരായി വളർത്തുന്നതിനായിരുന്നു ഈ ലേഖനം എഴുതിയത്.

സഹക്രിസ്ത്യാനികളുമായി ചേർന്ന് ഉപദേഷ്ടാക്കന്മാരും, പ്രാസംഗികരും എങ്ങനെ പ്രവർത്തിക്കണമെന്ന പ്രാധാന്യമുള്ള പാഠം ഈ പുസ്തകം നമുക്ക്

കാണിച്ചു തരുന്നു. നമ്മുടെ കർത്താവായ യേശുവിനെ അനുഗമിക്കുന്നതിന് നമ്മുടെ കുടുംബങ്ങളെയും അന്യോന്യം എങ്ങനെ സഹായിക്കുവാൻ കഴ ിയും?

*യേശുവിനെ അനുഗമിച്ചതിലുള്ള പഴയകാല നേട്ടങ്ങൾ.* ആദ്യമായി ആള ുകളുടെ നന്മയും നല്ല ഗുണങ്ങളും നിരീക്ഷിക്കുവാൻ ആവശ്യപ്പെടുകയും, ആ നല്ല ഗുണങ്ങളുടെ മൂല്യം ഊന്നി പറയുകയും ചെയ്തിരിക്കുന്നു. ഭാവി വളർച്ചക്കുള്ള അടിസ്ഥാനമാണ് ആളുകളുടെ ജീവിതത്തിൽ കാണുന്ന നന്മകൾ. പലപ്പോഴും സംഭവിക്കുന്നത്, ജീവിതത്തിൽ വിലയുള്ളതായി ദൈവം കാണുന്ന താലന്തുകളെയും കഴിവുകളെയും ഒന്നുകിൽ ആളുകൾ അവഗണിക്കുകയോ, അല്ലെങ്കിൽ പ്രാധാന്യം കുറച്ചുകാണുകയോ ചെയ്യുന്നു എന്നതാണ്. മറ്റുള്ളവരിലുള്ള നന്മക്ക് ഊന്നൽ കൊടുക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്.

ഈ സമീപനമാണ് 1 തെസ്സലൊനിക്യ ലേഖകൻ സ്വീകരിച്ചിരിക്കുന്നത്. ഈ ആളുകൾ ആദ്യ കുറെ മാസങ്ങളും വർഷങ്ങളും അന്യോന്യവും ദൈവത്തോടും പ്രകടിപ്പിച്ച നല്ല ബന്ധത്തെ ഓർപ്പിച്ചുകൊണ്ടാണ് ലേഖനം ആരംഭിക്കുന്നത് (1:6, 9, 10). പുസ്തകത്തിന്റെ ഏകദേശം പകുതിയോളം വരുന്ന ആദ്യത്തെ മൂന്നു അദ്ധ്യായങ്ങളിലാണ് ഈ പ്രധാന ഭാഗം ഉൾപ്പെട്ടിരിക്കുന്നത്.

സുവിശേഷം ദൈവത്തിന്റെ സന്ദേശമായി വിശ്വസിച്ച് പ്രതികരിച്ച് ദൈവത്തെ പിൻപറ്റേണ്ടതിന്റെ പ്രാധാന്യം തെസ്സലൊനിക്യയിലുള്ളവർ തിരിച്ചറിഞ്ഞിരുന്നു (2:13). യേശുക്രിസ്തു മുഖാന്തരം അവർ ദൈവത്തെ പിൻപറ്റുന്നവരായി തീർന്നു (2:13). യേശുക്രിസ്തു മുഖാന്തരം അവർ ദൈവത്തിന്റെ അനുയായികളായി തീർന്നു. സഹ ക്രിസ്ത്യാനികളുടെ ജീവിതം നിരീക്ഷിച്ച് അവർ കാണിച്ച ദൈവിക മനോഭാവങ്ങളും പ്രവർത്തികളും ദൈവത്തെ അനുഗമിക്കുന്നതിൽ സഹായത്തിനുള്ള ഉറവിടങ്ങളിൽ ഒന്നായി അവർ തിരിച്ചറിഞ്ഞിരുന്നു. ദൈവഭക്തരായ മറ്റു ക്രിസ്ത്യാനികളുടെ മാതൃക പിൻപറ്റുന്നവരായിരുന്നു തെസ്സലൊനിക്യർ (1:6; 2:14), മറ്റു ക്രിസ്ത്യാനികൾക്ക് അനുകരിക്കാമായിരുന്ന ദൈവിക മാതൃകകളായിരുന്നു അവ (1:7). അവരുടെ കഴിഞ്ഞകാല ജീവിതത്തിലെ ദൈവികമൂല്യത്തെയും, വർത്തമാനകാലത്തിലെ മനോഭാവങ്ങളെയും ആ പുതിയ ക്രിസ്ത്യാനികൾ സന്തോഷത്തോടെ തിരിച്ചറിഞ്ഞിരുന്നു.

മറ്റുള്ളവരുമായി നല്ല ബന്ധം പുലർത്തി അവരെ വളരുവാൻ സഹായിക്കുന്ന ഒന്നാണ് നല്ല പ്രവൃത്തികളെ അഭിനന്ദിക്കുക എന്നത്. നല്ല പ്രവർത്തികളെ അവഗണിക്കുകയോ, കാര്യമായി കണക്കാക്കാതിരിക്കുകയോ ചെ. യ്യുമ്പോൾ, ബന്ധങ്ങൾ ഉലയുകയും, മറ്റുള്ളവരുടെ വളർച്ചയെ സഹായിക്കുന്നത് തടയുകയും ചെയ്യുന്നു.

മാതാപിതാക്കൾ കുട്ടികളെ നിരന്തരമായി വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുമ്പോൾ, ലഭിക്കേണ്ട സ്നേഹവും പ്രോൽസാഹന വും അനുഭവിക്കുവാൻ കഴിയുന്നില്ല. തന്മൂലം മാതാപിതാക്കളും/മക്കളും തമ്മിലുള്ള ബന്ധം ഉലയുന്നു; പിന്നെ മാതാപിതാക്കളുടെ ഉപദേശം ഫലവത്താകാതെ പോകുന്നു. നേരെ മറിച്ച്, അവർക്ക് മാതാപിതാക്കളുടെ സ്നേഹവും അവരുടെ ക്ഷേമത്തിലുള്ള താൽപര്യം ബോധ്യമാകുമ്പോൾ, അവർ മാതാപിതാക്കളുടെ ഉപദേശവും മാതൃകയും സ്വീകരിക്കും. സ്നേഹവും കരുതലുമുള്ള ഹൃദയത്തിൽനിന്നാണ് മാതാപിതാക്കളുടെ

ഉപദേശം വരുന്നതെന്ന് കുട്ടികൾ അറിയണം. തങ്ങളുടെ മാതാപിതാക്കൾ ഉപദേശിക്കുവാനാണ് ഇഷ്ടപ്പെടുന്നത് എന്നതിനു പകരം, അവർ *തങ്ങളെ* സ്നേഹിക്കുന്നു എന്ന് വിശ്വസിക്കണം.

അതുപോലെ, പ്രായപൂർത്തിയിലെത്തിയവർ മറ്റുള്ള സ്നേഹിതരെയും, കുട്ടികളെയും വിമർശിക്കുകയും കുറ്റപ്പെടുത്തുകയും മാത്രം ചെയ്താൽ, അല്ലെങ്കിൽ ഉപദേശിക്കുന്നവരുടെ ഉപദേശം തങ്ങളുടെ ജീവിതത്തിൽ ഇല്ലാതിരുന്നാൽ ആരും അത് കൈക്കൊള്ളുകയില്ല. ആളുകളുടെ നന്മ തിരിച്ചറിയുവാൻ ദൈവവചനം നമ്മെ സഹായിക്കും.

സത്യമായത് ഒക്കെയും ഘനമായത് ഒക്കെയും നീതിയായത് ഒക്കെയും നിർമ്മലമായത് ഒക്കെയും രമ്യമായത് ഒക്കെയും സൽക്കീർത്തിയായത് ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അത് ഒക്കെയും ചിന്തിച്ചുകൊൾവിൻ എന്നാണ് ഫിലിപ്പിയർക്ക് പൗലൊസ് എഴുതിയിരിക്കുന്നത് (ഫിലി. 4:8). തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികൾക്ക് തന്റെ ഉപദേശങ്ങൾ നൽകിയപ്പോൾ അവരിലുള്ള ദൈവിക ഗുണങ്ങളെ എടുത്ത് പറഞ്ഞു പുകഴ്ത്തിയിരിക്കുന്നു.

*യേശുവിനെ അനുഗമിക്കുന്നതിലുള്ള ഭാവി വളർച്ച*. ക്രിസ്തുവിൽ ഭാവി പുരോഗമനത്തിന് ആവശ്യമായ മൂല്യങ്ങൾ ഊന്നി പറയുവാൻ സഹായിക്കുന്ന രണ്ടാമത്തെ വഴിയാണ് ഇത്. ലോകത്തിനു വേണ്ടിയുള്ള അവന്റെ പദ്ധതി നാം ഓരോരുത്തരും ഉപയോഗിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നാം അനുവദിച്ചാൽ അവൻ അത് നമ്മിൽ ഉപയോഗിക്കും.

പുതിയ ക്രിസ്ത്യാനികൾ തുടങ്ങി വെച്ച നല്ല കാര്യങ്ങളാൽ പക്വതയിലേക്ക് വളരുന്നതിന് അവരെ പ്രോൽസാഹിപ്പിക്കുന്നതിനുകൂടെയാണ് 1 തെസ്സലൊനിക്യ ലേഖനത്തിൽ ഈ സമീപനം ഉപയോഗിച്ചിരിക്കുന്നത്. "അവസാനം" എന്ന വാക്കോടുകൂടിയാണ് അദ്ധ്യായം 4 ആരംഭിക്കുന്നത്, ലേഖനം അവസാനിപ്പിക്കുന്നു എന്നല്ല അത് സൂചിപ്പിക്കുന്നത്, മറിച്ച് നേടിക്കഴിഞ്ഞവയുടെ അടിസ്ഥാനത്തിൽ ഭാവി വളർച്ചക്കുള്ള ഘടകങ്ങളെ ലേഖകൻ നിരത്തുകയാണ് (4:1, 10). പുതിയ ക്രിസ്ത്യാനികൾ പക്വതയിലേക്ക് വളരുവാൻ സഹായിക്കുന്നവയാണ് അവസാനത്തെ രണ്ട് അദ്ധ്യായങ്ങൾ.

ദുരുപദേശങ്ങളുടേയും പരീക്ഷണങ്ങളുടേയും അപകടത്തെ നാം തിരിച്ചറിയുകയും പാപങ്ങളിൽനിന്നു മാനസാന്തരപ്പെടുകയും വേണം. ക്രിസ്തീയ പക്വത എന്നു പറയുന്നത് പാപങ്ങളെ ഉപേക്ഷിക്കുന്നതും തിരിച്ചറിയുന്നതും മാത്രമല്ല. നല്ല ആളുകൾ തങ്ങളുടെ നായകനായ യേശുക്രിസ്തുവിനെ അനുഗമിക്കുമ്പോൾ, പാപങ്ങളെ ഉപേക്ഷിക്കുന്നതോടൊപ്പം, തുടങ്ങി വെച്ച നല്ല കാര്യങ്ങളുടെ അടിസ്ഥാനത്തിൽ അവർ പക്വതയിലേക്ക് വളരും. കഴിഞ്ഞ കാല ജീവിതത്തിലെ അവരുടെ വളർച്ചക്ക് നാം നന്ദി പറഞ്ഞ ശേഷം, പക്വതയിലേക്ക് വളരുവാൻ ദൈവ വചനം ഉപയോഗിക്കുവാനായി നാം അവരെ ഉത്തേജിപ്പിക്കണം.

വളർച്ചക്ക് ആവശ്യമായ ശക്തി എല്ലാ ക്രിസ്ത്യാനികളിലുമുണ്ട്. പല സന്ദർഭങ്ങളിലും ആളുകൾ വളരുവാൻ ശ്രമിക്കുന്നില്ല; കഴിയുകയില്ല എന്നോ അല്ലെങ്കിൽ വളരേണ്ട ആവശ്യമില്ല എന്നോ അവർ തീർച്ചപ്പെടുത്തും. മറ്റുള്ളവരോടു ഇത്തരം മനോഭാവങ്ങൾ വെച്ചുപുലർത്തുന്ന ഉപദേഷ്ടാക്കന്മാർ കുറ്റക്കാർ തന്നെയാണ്. നമ്മുടെ വിദ്യാർത്ഥികളോട് നാം അത്തരം മനോഭാവമുള്ളവരായാൽ അവരുടെ പക്വതക്ക് നാം അവരെ

സഹായിക്കുന്നില്ല എന്നർത്ഥം.

ഫിലിപ്പിയർക്കുള്ള തന്റെ ലേഖനത്തിൽ പൗലൊസ് എഴുതി. "നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു" (ഫിലി. 1:6). അതുപോലെ, തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികളിൽ ഉണ്ടായ അഭിവൃദ്ധിക്ക് ലേഖകൻ നാല് പ്രാവശ്യം സ്തോത്രം പറയുകയും, "വർദ്ധിപ്പിക്കുവാനും," "അധികം വർദ്ധിക്കുവാനും," "അധികമായി വർദ്ധിച്ചു വരേണം," "ആത്മിക വർദ്ധന വരുത്തിയും" പോരുവാൻ പൗലൊസ് അവരെ ഉത്തേജിപ്പിച്ചിരിക്കുന്നു (3:12; 4:1, 10; 5:11). നമ്മുടെ സഹ വിശ്വാസികളെ നാമും അതുപോലെ വർദ്ധിച്ചുവരുവാനായി പ്രോൽസാഹിപ്പിക്കണം.

നമുക്ക് ഓരോരുത്തർക്കുമായി ദൈവത്തിന് പദ്ധതികളുണ്ട്. അതിന്റെ തെളിവാണ് പുതിയനിയമ ലേഖനങ്ങൾ. ആ ലേഖനങ്ങളെല്ലാം നമ്മെ വളരുവാൻ സഹായിക്കുന്നു. ക്രിസ്ത്യാനിത്വത്തിലെ ആദ്യ മൂല്യങ്ങൾ നാം ഒരിക്കൽ അവർക്ക് കാണിച്ചുകൊടുത്ത്, അവരോട് അടുത്ത് വളർച്ചക്കുള്ള ശക്തി കണ്ടെത്തുവാൻ അവരെ സഹായിക്കണം.

*ഉപസംഹാരം.* ചില ക്രിസ്ത്യാനികളിൽ പാപം കാണുന്നതിനാൽ അവർ യാതൊന്നിനും കൊള്ളരുതാത്തവരാണെന്ന് വിചാരിക്കുന്നു എങ്കിൽ, അവരുടെ ജീവിതത്തിലെ നന്മകളെ ഒന്നും നാം അഭിനന്ദിക്കുന്നില്ലെങ്കിൽ, പക്വതയില്ലാത്തവർക്ക് മാത്രമെ വളരുവാൻ കഴിയു എന്നു വിചാരിക്കുന്നുവെങ്കിൽ, 1 തെസ്സലൊനിക്യ ലേഖന സമീപനം ശ്രദ്ധയോടെ വായിച്ചാൽ നമുക്ക് അത് പ്രയോജനപ്പെടും.

തങ്ങളുടെ നായകനായ-യേശുവിനെ അനുഗമിക്കുവാൻ നല്ല പ്രയത്നം ചെയ്തവരായിരുന്നു തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾ. നമ്മെ സംബന്ധിച്ച് എങ്ങനെ ഇരിക്കുന്നു? മറ്റുള്ളവർ പറയുന്നതിലുപരിയായി, യേശുവിനെ നമ്മുടെ ദൈനന്തിന ജീവിതത്തിൽ മാതൃകയാക്കി അവനെ പിൻപറ്റുവാനാണോ നാം ശ്രമിക്കുന്നത്? തങ്ങളുടെ ഉപദേഷ്ടാക്കന്മാരിൽനിന്ന് തെസ്സലൊനിക്യയിലുള്ളവർ യേശുവിന്റെ പ്രവൃത്തികളും മനോഭാവങ്ങളും കണ്ടു മനസിലാക്കിയിരുന്നു. തങ്ങളുടെ യജമാനനെ അനുഗമിക്കുവാൻ അത് അവർക്ക് എളുപ്പമായി തീർന്നു. അവരെ പുകഴ്ത്തിയ നല്ല മാതൃക നിരീക്ഷിച്ച്, അവരെ നോക്കിയാണോ നാം ജീവിക്കുന്നത്? മറ്റുള്ളവർ നമുക്ക് കാണിച്ചു തന്ന നല്ല മാതൃക പ്രായോഗികമാക്കിയാണോ നാം നമ്മുടെ നായകനെ അനുഗമിക്കുന്നത്? യേശു ചെയ്ത സൽപ്രവൃത്തികൾ പ്രകടിപ്പിച്ചുകൊണ്ടാണോ നാം ജീവിക്കുന്നത്? "ഞാൻ ക്രിസ്തുവിന്റെ അനുകാരിയായിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ'' എന്നു പൗലൊസ് പറഞ്ഞതുപോലെ നമുക്ക് പറയുവാൻ കഴിയുമോ (1 കൊ. 11:1)? അവൻ പറഞ്ഞു, "എന്നോട് പഠിച്ചും ഗ്രഹിച്ചും കേട്ടും കണ്ടുമുള്ളത് പ്രവർത്തിപ്പിൻ" (ഫിലി. 4:9). അങ്ങനെ പറയത്തക്കവണ്ണം നമുക്ക് ജീവിക്കാം!

നമ്മുടെ നായകനായ യേശുവിനെ അനുഗമിച്ചാലുള്ള ഫലം എന്താണ്? സ്വർഗത്തിൽ അവനോടുകൂടെ ആകാം. 1 തെസ്സലൊനിക്യ ലേഖനത്തിലെ മുഖ്യ വിഷയം യേശുവിന്റെ മടങ്ങി വരവ് ആണ്. അത് ഓരോ അദ്ധ്യായത്തിലും പറഞ്ഞിരിക്കുന്നു (1:10; 2:19; 3:13; 4:14-17; 5:1-3, 23). അവരുടെ ജീവിതം ഭയപ്പെടുത്തി മാറ്റുന്നതിനോ, തെസ്സലൊനിക്യർ അതിനെ കുറിച്ച് അറിയാതിരുന്നതുകൊണ്ടോ അല്ല, യേശുവിന്റെ മടങ്ങി വരവ് ഊന്നി

അവരോട് അറിയിച്ചത്. പിന്നെയോ, ജീവിതത്തിൽ അവർക്ക് ക്രിയാത്മകവും പക്വവുമായ കാഴ്ച്ചപ്പാട് ഉണ്ടാകുവാനായിരുന്നു. അവർ യേശുവിനെ പോലെ ആകുവാനും അവസാനം അവനോടുകൂടെ ആകുവാനും ആഗ്രഹിച്ചിരുന്നു.

തെസ്സലൊനിക്യയിലുള്ള ക്രിസ്ത്യാനികൾ ക്രിസ്തുവിലുള്ള തങ്ങളുടെ ജീവിതം വലുതായിട്ടാണ് ആരംഭിച്ചത്. അവർക്ക് പക്വതയിലേക്ക് സഞ്ചരിപ്പാൻ കഴിഞ്ഞിരുന്നു. അന്തിമമായി അവർക്ക് കർത്താവിന്റെ സന്നിധിയിൽ നിത്യത ചെലവഴിക്കുവാനും കഴിഞ്ഞു!

ക്രിസ്തുവിന്റെ മടങ്ങിവരവ് ആവർത്തിച്ച് പ്രസ്താവിച്ചത് അവരിൽ പ്രത്യാശ ഉണർത്തി. അപൂർണ്ണമായ ലോകത്തിൽ, ക്രിസ്ത്യാനികൾ പൂർണ്ണമായും ഭവനത്തിലല്ല. ഉയർത്തെഴുന്നേറ്റ യേശുവിലുള്ള വിശ്വാസം അർത്ഥമാക്കുന്നത്, അവനെ അനുഗമിച്ചവരോടും അവനോടുകൂടെ വീണ്ടും ചേരുവാനും അവന്റെ വരവിൽ കഴിയും എന്നാണ്. ഇപ്പോൾ ജീവനോടെ ഇരിക്കുന്നവരെ സംബന്ധിച്ചും ക്രിസ്തുവിൽ മരിച്ചവരെ സംബന്ധിച്ചും അത് വാസ്തവമാണ്. ജീവിതത്തിന്റെ അവസാനം എന്നത്, വാസ്തവത്തിൽ, മരണമല്ല-യേശു മടങ്ങി വരുന്നതിന് മുൻപ് അനവധി പേർ മരിക്കും. ഇവിടെ ആരംഭിക്കുന്നതും യേശു മടങ്ങി വരുമ്പോൾ, അവനോടു ചേർന്നു ചെലവഴിക്കുന്നതുമായ ഒന്നാണ് നിത്യജീവൻ. ഈ ജീവിതത്തിൽ തുടങ്ങി അടുത്തതിലേക്ക് നമ്മുടെ നായകനെ നാം പിൻപറ്റുകയാണ് ചെയ്യുന്നത്! യേശുവിനെ മഹത്വത്തിലേക്ക് പിൻപറ്റുക എന്നതാണ് ക്രിസ്ത്യാനിയുടെ ഏറ്റവും വലിയ പ്രത്യാശ!

---

കുറിപ്പുകൾ

[1]ക്ലെമന്റ് ഓഫ് റോം 1 *ക്ലെമെന്റ്* 38.4. [2]ഇഗ്നേഷിയസ് *എപ്പിസ്റ്റിൽസ് ടു എഫെഷ്യൻസ്* 10.1. [3]ഐറേനിയസ് *എഗെൻസ്റ്റ് ഹെരസിസ്* 5.6.1. [4]എഫ്.എഫ്. ബ്രൂസ്, *പോൾ: അപ്പൊസ്റ്റൽ ഓഫ് ദ ഹാർട്ട് സെറ്റ് ഫ്രീ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്: ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കോ; 1977), 43 ആന്റ് എവറെറ്റ് ഫെർഗൂസൻ. *ബാക്ഗ്രൗണ്സ് ഓഫ് ഏർലി ക്രിസ്ത്യാനിറ്റി* 2 ഡ് എഡ് (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്:ഡബ്ലിയുഎം. ബി. എഡ്മാൻസ് പബ്ലിഷിങ് കോ; 1993), 102–3. [5]ഫെർഗൂസൻ, 103 കൂടാതെ റബിയാനിക് കമെന്റ്സ് ഇൻ ടോസ് ക്വിഡൂഷിൻ 1.11. [6]ഡൊണാൾഡ് എച്ച്. മാഡ്വിഗ് "തെസ്സലൊനിക്ക" ഇൻ *ദ ഇന്റർനാഷ്ണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോപീഡിയ*, എച്. ജെഫ്രി ഡബ്ലിയു. ബ്രോംലേ (ഗ്രാന്റ് റാപ്പിഡ്സ് മൈക്ക്:ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കോ; 1988) 4.837. [7]റോബർട്ട് എൽ. തോമസ്, "1 തെസ്സലൊനിക്യർ" ഇൻ *ദ എക്സോപസിറ്റിവാ ബൈബിൾ കമെന്ററി* എഡ്. ഫ്രാങ്ക് ഈ. ഗീവെലെയിൻ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്:സോണർവാൻ, 1978), 11:230. [8]അഡാപ്റ്റഡ് ഫ്രം റേമൂഡ്സി. *കെലി:ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലനിയൻസ്*. ദ ലിവിങ് വേർഡ് കമെന്ററി, വോള്യം. 13 (ആസ്റ്റിൻ, ടെക്സ്: ആർ. ബി.സ്വീറ്റ് കോ; 1968), 18–19.